"ഭരണഭാഷ-മാതൃഭാഷ"

150 YEARS OF CELEBRATING THE MAHATMA

**കേരള സർക്കാർ**

**<u>സംഗ്രഹം</u>**

ധനകാര്യ വകുപ്പ് – ജീവനക്കാര്യം- ട്രാവൻകൂർ ദേവസ്വം ബോർഡ് ഓഡിറ്റ് ഓഫീസിലെ 12 താൽക്കാലിക തസ്തികകൾക്കുള്ള തുടർച്ചാനുമതി നൽകി ഉത്തരവ് പുറപ്പെടുവിക്കുന്നു.

---

**ധനകാര്യ (എസ്റ്റാബ്ലിഷ്മെന്റ് -ഡി) വകുപ്പ്**

**സ.ഉ (സാധാ) നം.1863/2019/ധന** **തീയതി,തിരുവനന്തപുരം,14/03/2019.**

---

പരാമർശം :- 1) സ.ഉ(സാധാ) നം 2488/1997/ധന തീയതി 08.04.1997.

2) സ.ഉ(സാധാ) നം 1259/2008/ധന തീയതി 11.02.2008.

3) സ.ഉ(സാധാ) നം 1396/2009/ധന തീയതി 27.02.2009.

4) സ.ഉ(സാധാ) നം 3360/2009/ധന തീയതി 13.04.2010.

5) സ.ഉ(സാധാ) നം 338/2010/ധന തീയതി 17.06.2010.

6) സ.ഉ(സാധാ) നം 54/2011/ധന തീയതി 04.01.2011.

7) സ.ഉ(സാധാ) നം 5925/2011/ധന തീയതി 29.07.2011.

8) സ.ഉ(സാധാ) നം 6031/2013/ധന തീയതി 20.07.2013.

9) സ.ഉ(സാധാ) നം 7942/2014/ധന തീയതി 20.10.214.

10) സ.ഉ(സാധാ) നം 4146/2016/ധന തീയതി 09.05.2016.

11) സ.ഉ(സാധാ) നം 4532/2017/ധന തീയതി 01.06.2017.

12) സ.ഉ(സാധാ) നം 1548/2018/ധന തീയതി 28.02.2018.

13) സ.ഉ(സാധാ) നം 7867/2018/ധന തീയതി 22.09.2018.

14) 01.01.2019 ലെ എസ്റ്റാ.ഡി 1/83/2019 ധന നമ്പർ സർക്കാർ കത്ത്.

15) സംസ്ഥാന ഓഡിറ്റ് വകുപ്പ് ഡയറക്ടറുടെ 07.01.2019-ലെ കെ.എസ്.എ 8171/Estt.2/2018 നമ്പർ കത്ത്.

**<u>ഉത്തരവ്</u>**

പരാമർശം 1ലെ സർക്കാർ ഉത്തരവ് പ്രകാരം ട്രാവൻകൂർ ദേവസ്വം ഓഡിറ്റ് ഓഫീസിൽ താഴെപറയും പ്രകാരമുള്ള 12 തസ്തികകൾ താൽക്കാലികമായി സൃഷ്ടിച്ച് ഉത്തരവായിരുന്നു.

| | തസ്തിക | എണ്ണം |
|---|---|---|
| 1 | ഓഡിറ്റ് ഓഫീസർ | 2 |
| 2 | ഓഡിറ്റർ | 8 |
| 3 | ടൈപ്പിസ്റ്റ് ഗ്രേഡ്-II | 1 |
| 4 | ഓഫീസ് അറ്റൻഡന്റ് | 1 |
| **ആകെ** | | 12 |

മേൽ പറഞ്ഞ ഉത്തരവിൽ 12 താൽക്കാലിക തസ്തികകൾ 6 മാസത്തേക്ക് അല്ലെങ്കിൽ വകുപ്പിന്റെ റീ-ഓർഗനൈസേഷൻ വരെ തുടരാം എന്നാണ് നിഷ്കർഷിച്ചിരുന്നതെങ്കിലും കാലാകാലങ്ങളിൽ ഡയറക്ടറുടെ ശുപാർശയുടെ അടിസ്ഥാനത്തിൽ പരാമർശം 1 മുതൽ 13 വരെയുള്ള ഉത്തരവുകൾ പ്രകാരം 31/12/2018 വരെ തുടർച്ചാനുമതി നൽകിയിട്ടുണ്ട്. ബോർഡിന്റെ വരുമാനം വർദ്ധിച്ച് വരുന്ന സാഹചര്യത്തിലും ബഹു.ഹൈക്കോടതിയുടെ 06/03/97 -ലെ ഉത്തരവ് പ്രകാരം സൃഷ്ടിക്കപ്പെട്ട ,താൽക്കാലിക തസ്തികകൾ സ്ഥിരമാക്കുന്നതിനായി ബഹു.ഹൈക്കോടതിയിൽ ഫയൽ ചെയ്ത ഡി ബി പി 36/2014- ലുള്ള കോടതി ഉത്തരവിൽ അധിക തസ്തികകളുടെ ആവശ്യകത നിലനിർത്തി കൊണ്ട് ബഹു.ഹൈക്കോടതി കേസ് തീർപ്പാക്കിയിട്ടുള്ള സാഹചര്യത്തിലും ശബരിമലയിലും മറ്റ് അനുബന്ധ ക്ഷേത്രങ്ങളിലും മണ്ഡല-മകരവിളക്ക് ഉത്സവകാലത്തെ ഓഡിറ്റ് സമകാലീനമായി നടക്കുന്നതിനാൽ, ഓഡിറ്റിൽ മേൽപ്പടി തസ്തികകൾ അനിവാര്യമായ സാഹചര്യത്തിൽ ടി 12 താൽക്കാലിക തസ്തികകളും സ്ഥിരപ്പെടുത്തുന്നതിനോ അല്ലെങ്കിൽ 01.01.2019 മുതലുള്ള തുടർച്ചാനുമതി നൽകുന്നതിനോ വേണ്ട നടപടികൾ സ്വീകരിക്കണമെന്ന് കേരള സംസ്ഥാന ഓഡിറ്റ് വകുപ്പ് ഡയറക്ടർ പരാമർശം 15-ലെ കത്ത് പ്രകാരം ആവശ്യപ്പെട്ടിരിക്കുന്നു.

സർക്കാർ ഇക്കാര്യം വിശദമായി പരിശോധിച്ചതിന്റെ അടിസ്ഥാനത്തിൽ മുകളിലെ പട്ടികയിൽ പറഞ്ഞിട്ടുള്ള തിരുവിതാംകൂർ ദേവസ്വം ഒഡിറ്റ് ഓഫീസിലെ 1 2 താൽക്കാലിക തസ്തികകൾക്ക് താഴെ പറയുന്ന നിബന്ധനയോടെ 01.01.2019 മുതൽ 31.12.2019 വരെയുള്ള ഒരു വർഷ കാലയളവിലേയ്ക്ക് കൂടി തുടർച്ചാനുമതി നൽകി ഉത്തരവ് പുറപ്പെടുവിക്കുന്നു.

"പ്രസ്തുത ഒരു വർഷ കാലയളവിനുള്ളിൽ തന്നെ പരാമർശം 14-ലെ കത്തിൽ നിർദ്ദേശിച്ചിട്ടുള്ള പ്രകാരം ടി താത്കാലിക തസ്തികകളുടെ ആവശ്യകത നിലനിൽക്കുന്നുണ്ടോ എന്നത് സംബന്ധിച്ച് ഉദ്യോഗസ്ഥഭരണ പരിഷ്കാര വകുപ്പുമായി ബന്ധപ്പെട്ട് ആവശ്യമായ work study നടത്തി ടി തസ്തികകൾ അനിവാര്യമാണെന്ന് കണ്ടെത്തുന്ന പക്ഷം വകുപ്പിനുള്ളിൽ redeployment മുഖേന ആവശ്യം പരിഹരിക്കുന്നതിന്റെ പ്രായോഗികത കൂടി പരിശോധിച്ചശേഷം റിപ്പോർട്ട് സർക്കാരിൽ ലഭ്യമാക്കേണ്ടതാണ്. അല്ലാത്തപക്ഷം ടി തസ്തികകൾക്ക് ഭാവിയിൽ തുടർച്ചാനുമതിയോ സ്ഥിരാനുമതിയോ നൽകുന്നതല്ല."

(ഗവർണ്ണറുടെ ഉത്തരവിൻ പ്രകാരം)

**ശ്രീനി.ജി**

**ജോയിന്റ് സെക്രട്ടറി (ധനകാര്യം)**

പകർപ്പ്

പ്രിൻസിപ്പൽ അക്കൗണ്ടന്റ് ജനറൽ (എ&ഇ ) കേരള, തിരുവനന്തപുരം
പ്രിൻസിപ്പൽ അക്കൗണ്ടന്റ് ജനറൽ (ജി&എസ് എസ് എ) കേരള, തിരുവനന്തപുരം
അക്കൗണ്ടന്റ് ജനറൽ (ഇ&ആർ എസ് എ) കേരള, തിരുവനന്തപുരം
ഡയറക്ടർ, കേരള സംസ്ഥാന ഓഡിറ്റ് വകുപ്പ്, തിരുവനന്തപുരം
വെബ് & ന്യൂ മീഡിയ, പബ്ലിക് റിലേഷൻസ് വകുപ്പ്
നോഡൽ ഓഫീസർ, ധനകാര്യ വകുപ്പ് (www.finance.kerala.gov.in)
സ്റ്റോക്ക് ഫയൽ / ഓഫീസ് കോപ്പി(26476)

ഉത്തരവിൻ പ്രകാരം

സെക്ഷൻ ഓഫീസർ